September 2016
Vol. 13 - Issue 09
Published on
2nd Sep. 2016

**Sahyanadham**
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12496
Posted at Thodupuzha Stg.



St. Mathew

Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
സെപ്തംബർ 2016
ലക്കം 09



## ഇടുക്കി രൂപതാ ബുള്ളറ്റിൻ



സെപ്തംബർ 21 ന്
നാമഹേതുകത്തിരുനാളും
23 ന് ജന്മദിനവും ആഘോഷിക്കുന്ന
അഭിവന്ദ്യ പിതാവിന്
രൂപതാക്കുടുംബത്തിന്റെ
**ആശംസകൾ**



പരി. കന്യകാമറിയത്തിന്റെ
**ജനനത്തിരുനാളാശംസകൾ**

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 9
Month : September 2016





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ലോകമിഷൻ ഞായർ - 2016 | 05 |
| പെൺകുട്ടികളുടെ ദിനം | 11 |
| രൂപതക്കച്ചേരി | 12 |
| ക്രിസ്തുജ്യോതി | 15 |
| വിദ്യാഭ്യാസം | 20 |
| സാമൂഹ്യസേവനം | 21 |
| തിരുബാലസഖ്യം | 26 |
| ചെറുപുഷ്പ മിഷൻലീഗ് | 27 |
| കെ.സി.എസ്.എൽ. | 29 |
| കെ.സി.വൈ.എം. | 30 |
| മദ്യവിരുദ്ധസമിതി | 31 |
| കുടുംബ പ്രേഷിതത്വം | 32 |
| നവോമി കുടുംബകേന്ദ്രം | 32 |
| മാതൃവേദി | 34 |
| കത്തോലിക്കാ കോൺഗ്രസ് | 35 |
| കേരള ലേബർ മൂവ്മെന്റ് | 37 |
| ആത്മജ്യോതിയിലെ പരിപാടികൾ | 39 |
| അറിയിപ്പുകൾ | 40 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 41 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 42 |


**"Peace begins with a smile."**

*Mother Teresa*

## ഓർമ്മിക്കാൻ

### സെപ്റ്റംബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

01 : എട്ടുനോമ്പാരംഭം

02-04 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി

05 : വി. മദർ തെരേസ

06 : എ.കെ.സി.സി. കാരുണ്യവർഷ ഫൊറോന കൺവെൻഷൻ, ആത്മജ്യോതി, അടിമാലി

08 : പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

10 : സി.എം.എൽ. മേഖലാ കലോത്സവം

: എ.കെ.സി.സി. കാരുണ്യവർഷ ചുരുളി ഫൊറോന കൺവെൻഷൻ, സെന്റ് തോമസ് പാരീഷ് ഹാൾ, ചുരുളി

10-11 : കെ.എൽ.എം. വെളാങ്കണ്ണി തീർത്ഥാടനം

11-16 : വൈദികരുടെ വാർഷിക ധ്യാനം, ആത്മജ്യോതി, അടിമാലി

11 : സ്ലീവാ ഒന്നാം ഞായർ

13 : വി. ജോൺ ക്രിസോസ്തോം

14 : വി. കുരിശിന്റെ പുകഴ്ച

17 : കെ.സി.എസ്.എൽ. രൂപതാ സാഹിത്യമത്സരം

18-23 : വൈദികരുടെ വാർഷിക ധ്യാനം, ആത്മജ്യോതി ,അടിമാലി

21 ; വി. മത്തായി ശ്ലീഹാ

: SMCC ഫൊറോനാതല തിരഞ്ഞെടുപ്പ്, ക്രിസ്തുജ്യോതി

: തിരുബാലസഖ്യം മേഖലാ കലോത്സവം

26-28 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി

27 : വി. വിൻസെന്റ് ഡി പോൾ

29 : മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ

C. 22. **സർക്കുലർ**

# ലോകമിഷൻ ഞായർ - 2016

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

***പ്രേഷിതസഭ, കാരുണ്യത്തിന്റെ സാക്ഷിണി***

പ്രിയ സഹോദരീ സഹോദരന്മാരെ,

സഭ ആഘോഷിക്കുന്ന കാരുണ്യത്തിന്റെ അസാധാരണ ജൂബിലി 2016-ലെ ആഗോളമിഷൻ ഞായറിന്മേൽ സവിശേഷപ്രകാശം ചൊരിയുന്നു: വിജാതിയരെ സംബന്ധിച്ച പ്രേഷിതത്വത്തെ ആധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ മഹത്തായ, അളവറ്റ കാരുണ്യപ്രവർത്തനമായി പരിഗണിക്കാൻ അതു നമ്മെ ക്ഷണിക്കുന്നു. പ്രേഷിതരായ ശിഷ്യരായി ''പുറത്തേക്കു പോകാൻ'' നാം എല്ലാവരും ഈ ആഗോളമിഷൻ ദിനത്തിൽ ക്ഷണിക്കപ്പെടുന്നു. മുഴുവൻ മനുഷ്യകുടുംബത്തിനും ദൈവത്തിന്റെ വാത്സല്യത്തിന്റെയും സഹതാപത്തിന്റെയും സന്ദേശം നല്കുന്നതിനുവേണ്ടി ഓരോ വ്യക്തിയും തന്റെ കഴിവുകളും സർഗാത്മകതയും ജ്ഞാനവും അനുഭവവും ഉദാരതയോടെ സമർപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു. പ്രേഷിതത്വകല്പനയുടെ ശക്തിയാൽ സഭ സുവിശേഷം അറിയാത്തവരെ ശ്രദ്ധിക്കുന്നു. കാരണം, എല്ലാവരും രക്ഷിക്കപ്പെടണമെന്നും കർത്താവിന്റെ സ്നേഹം അനുഭവിക്കണമെന്നും അവൾ ആഗ്രഹിക്കുന്നു. ''ദൈവത്തിന്റെ കാരുണ്യം, സുവിശേഷത്തിന്റെ ഹൃദയസ്പന്ദനം'' അറിയിക്കാനും (*Misericordiae Vultus,* 12) ലോകത്തിന്റെ എല്ലാ കോണുകളിലും ചെറിയവരും വലിയവരുമായ എല്ലാവരിലേക്കും എത്തിച്ചേർന്നുകൊണ്ട് കാരുണ്യം പ്രഘോഷിക്കാനും അവൾ നിയോഗിക്കപ്പെട്ടിരിക്കുന്നു.

കാരുണ്യം ഒരു വ്യക്തിയെ കണ്ടുമുട്ടുമ്പോൾ അത് നിത്യപിതാവിന്റെ ഹൃദയത്തിൽ അഗാധമായ സന്തോഷം ഉളവാക്കുന്നു. എന്തെന്നാൽ ആരംഭംമുതൽ അവിടുന്ന് ഏറ്റവും ദുർബലരായവരി



ലേക്ക് സ്നേഹപൂർവം തിരിഞ്ഞിട്ടുണ്ട്. കാരണം അവിടുത്തെ മഹത്ത്വവും ശക്തിയും കൃത്യമായി വെളിവാക്കപ്പെടുന്നത് കുട്ടികളോടും പാർശവത്കരിക്കപ്പെട്ടവരോടും പീഡിതരോടും താദാത്മ്യപ്പെടാനുള്ള അവിടുത്തെ കഴിവിലാണ് (cf. നിയ. 4:31; സങ്കീ. 86:15; 103:8; 111:4). അവിടുന്ന് ആവശ്യത്തിൽപ്പെട്ടവരോട് പ്രത്യേകിച്ച് ദരിദ്രരോട് അടുത്തുനില്ക്കുന്ന കാരുണ്യവാനും ശ്രദ്ധാലുവും വിശ്വസ്തനുമായ ദൈവമാണ്. മാതാവും പിതാവും മക്കളുടെ ജീവിതത്തിൽ ചെയ്യുന്നതുപോലെ അവിടുന്ന് മാനുഷിക യാഥാർത്ഥ്യത്തിൽ മൃദുലഹൃദയത്തോടെ ഇടപെടുന്നു (cf. ജെറ. 31:20). ബൈബിൾ ഗർഭപാത്രത്തെപ്പറ്റി പറയുമ്പോൾ കാരുണ്യം സൂചിപ്പിക്കുന്ന പദമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് അത് ഒരമ്മക്ക് കുട്ടികളോടുള്ള സ്നേഹത്തെ പരാമർശിക്കുന്നു. എന്തു സംഭവിക്കുന്നുവെന്നത് പരിഗണിക്കാതെ എല്ലാ സാഹചര്യത്തിലും അവൾ എപ്പോഴും സ്നേഹിക്കുന്നു. കാരണം അവർ അവളുടെ ഉദരഫലമാണ്. ദൈവത്തിന് തന്റെ എല്ലാ മക്കളോടുമുള്ള സ്നേഹത്തിന്റെ സാരാംശപരമായ ഒരുവശമാണിത്. എല്ലാ മക്കളെയും അവിടുന്ന് സൃഷ്ടിച്ചതാണ്. അവരെ വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും അവിടുന്ന് ആഗ്രഹിക്കുന്നു. അവരുടെ ദുർബലതയും അവിശ്വസ്തതയും കാണുമ്പോൾ അവിടത്തെ ഹൃദയം സഹതാപത്താൽ കീഴടക്കപ്പെടുന്നു (cf. ഹോസി. 11:8). എല്ലാവരോടും അവിടുന്ന് കാരുണ്യം കാണിക്കുന്നു. അവിടുത്തെ സ്നേഹം എല്ലാവരെയും സംബന്ധിച്ചുള്ളതാണ്. അവിടുത്തെ സഹതാപം എല്ലാ സൃഷ്ടികളിലേക്കും വ്യാപിക്കുന്നു (cf. സങ്കീ. 144:89).

ദൈവകാരുണ്യത്തിന്റെ ഏറ്റവും ശ്രേഷ്ഠവും പൂർണവുമായ പ്രകാശനം മനുഷ്യാവതാരം ചെയ്ത ദിവ്യവചനത്തിലാണുള്ളത്. കരുണാസമ്പന്നനായ പിതാവിന്റെ മുഖം യേശു വെളിപ്പെടുത്തുന്നു. അവിടുന്ന് ''കാരുണ്യത്തെപ്പറ്റി പറയുകയും താരതമ്യവും ഉപമകളും ഉപയോഗിച്ച് അതിനെ വിശദീകരിക്കുകയും ചെയ്തു. എല്ലാറ്റിലും ഉപരിയായി അവിടുന്നു അതിന്റെ അവതാരവും വ്യക്തിത്വവുമായി

ത്തീർന്നു'' (*Dives in Misericordia,* 2). സുവിശേഷങ്ങളും കൂദാശകളും വഴി നാം യേശുവിനെ സ്വാഗതം ചെയ്യുകയും അനുഗമിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ, സ്വർഗസ്ഥനായ കരുണാമയനായ പിതാവിനെപ്പോലെ കരുണാപൂർണരായിത്തീരുന്നു. അവിടുന്ന് നമ്മെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനും നമ്മുടെ ജീവിതത്തെ ഒരു സൗജന്യദാനമായി, അവിടുത്തെ നന്മയുടെ അടയാളമാക്കിത്തീർക്കുവാനും നമുക്കു കഴിയും (cf. *misericordiae Vultus,* 3). മനുഷ്യവംശത്തിന്റെ മധ്യത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്താൽ ജീവിക്കുന്ന സമൂഹങ്ങളിൽ ഒന്നാമത്തേതാണ് സഭ. സഭ അവിടത്തെ നോട്ടം തിരിച്ചറിയുന്നു. കരുണാപൂർണമായ സ്നേഹത്തോടെ അവിടുന്ന് തന്നെ തിരഞ്ഞെടുത്തുവെന്ന് അവൾ അറിയുന്നു. ഈ സ്നേഹത്തിലൂടെയാണ് സഭ തനിക്കുള്ള കല്പന തിരിച്ചറിയുന്നതും അതനുസരിച്ചു ജീവിക്കുന്നതും. ഓരോ സംസ്കാരവും മതവിശ്വാസവുമായുള്ള ആദരപൂർവകമായ സംവാദത്തിലൂടെ അതിനെ സകല ജനതകളെയും അറിയിക്കുന്നതും.

കരുണാപൂർണമായ ഈ സ്നേഹത്തിന്, സഭയുടെ ആദിമകാലത്തെന്നതുപോലെ എല്ലാ പ്രായത്തിലും ജീവിതാവസ്ഥയിലുമുള്ള സ്ത്രീപുരുഷന്മാർ സാക്ഷ്യം നല്കിയിട്ടുണ്ട്. പ്രേഷിതലോകത്ത് പുരുഷന്മാരോടൊപ്പം അധ്വാനിക്കുന്ന സ്ത്രീകളുടെ സാന്നിധ്യം പരിഗണനീയവും വർധമാനവുമാണ്. അത് ദൈവത്തിന്റെ മാതൃത്വപരമായ സ്നേഹത്തിന്റെ ശ്രദ്ധേയമായ അടയാളമാണ്. അല്മായരും സന്ന്യസ്തരുമായ സ്ത്രീകൾ - ഇന്ന് അനേകം കുടുംബങ്ങൾപോലും - വ്യത്യസ്ത രീതികളിൽ തങ്ങളുടെ പ്രേഷിതത്വവിളി നിർവഹിക്കുന്നുണ്ട്. സുവിശേഷപ്രഘോഷണം മുതൽ ജീവകാരുണ്യ പ്രവർത്തനംവരെ നടത്തുന്നുണ്ട്. മിഷണറിമാർ ചെയ്യുന്ന സുവിശേഷപ്രഘോഷണ-കൗദാശിക പ്രവർത്തനങ്ങളോടൊപ്പം സ്ത്രീകൾക്കും കുടുംബങ്ങൾക്കും മിക്കപ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ പര്യാപ്തമാംവിധം അറിയാൻ കഴിയുന്നതുകൊണ്ട്



അവയെ എങ്ങനെ സമുചിതമായ രീതിയിൽ, ചിലപ്പോൾ നവീനരീതിയിൽ, കൈകാര്യം ചെയ്യണമെന്ന് അവർ അറിയുന്നു. വ്യവസ്ഥിതികളിലെന്നതിനെക്കാൾ ജനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ജീവൻ സംരക്ഷിക്കാൻ അവർ അറിയുന്നു. നല്ല ബന്ധങ്ങളും സമന്വയവും സമാധാനവും ഐക്യദാർഢ്യവും സംവാദവും സഹകരണവും സാഹോദര്യവും സൃഷ്ടിക്കാൻവേണ്ടി മാനുഷികവും ആധ്യാത്മികവുമായ വിഭവങ്ങൾ വിതരണം ചെയ്യാൻ അവർക്കു കഴിയുന്നു. വ്യക്തികളുടെയിടയിലും സാമൂഹിക-സാംസ്കാരിക ജീവിതത്തിലും, പ്രത്യേകിച്ച് ദരിദ്രരെ സംരക്ഷിക്കുന്നതുവഴി, അപ്രകാരം ചെയ്യാൻ കഴിയുന്നു.

പലസ്ഥലങ്ങളിലും സുവിശേഷവത്കരണം തുടങ്ങുന്നത് വിദ്യാഭ്യാസത്തോടെയാണ്. അതിനായി മിഷണറിമാർ ഏറെ സമയവും അധ്വാനവും ചെലവഴിക്കുന്നുണ്ട്. സുവശേഷത്തിൽ കാണുന്ന മുന്തിരിത്തോട്ടത്തിന്റെ ഉടമയെപ്പോലെതന്നെ (cf. ലൂക്കാ 13:7-9, യോഹ. 15:1). അയാൾ അനേകവർഷം സാവധാനം കൃഷിചെയ്തിട്ട് ഫലത്തിനായി കാത്തിരുന്നല്ലോ. അങ്ങനെ സുവിശേഷവത്കരണം നടത്താൻ കഴിവുള്ള പുതിയ ജനതയെ അവർ ജനിപ്പിക്കുന്നു. മറ്റു വിധത്തിൽ സുവിശേഷവത്കരണം സാധ്യമല്ലെന്നു തോന്നുന്ന സ്ഥലങ്ങളിലേക്ക് അവർ സുവിശേഷം എത്തിച്ചുകൊടുക്കുന്നു. ഒരിക്കൽ ക്രിസ്തുവിൽ വിശ്വസിക്കാനിരിക്കുന്നവരുടെയും ''അമ്മ'' എന്ന് സഭയെ നിർവചിക്കാം. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധജനം കാരുണ്യത്തിന്റെ മാതൃത്വപരമായ സേവനം തുടരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കർത്താവിനെ കണ്ടുമുട്ടാനും സ്നേഹിക്കാനും വേണ്ടി ഇന്നോളം അവിടത്തെ അറിയാതിരിക്കുന്നവരെ സഹായിക്കുമെന്നു പ്രത്യാശിക്കുന്നു. വിശ്വാസം ദൈവം നല്കുന്ന ദാനമാണ്. അത് മതപരിവർത്തനപ്രക്രിയയുടെ ഫലമല്ല. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന സുവിശേഷപ്രഘോഷകരുടെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹായത്താൽ വളരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ തെരുവീഥികളിലൂടെ നടക്കുമ്പോൾ

അതിരുകളില്ലാത്ത സ്നേഹമുള്ളവരായിരിക്കണം. എല്ലാ ജനതകളോടും നമ്മുടെ കർത്താവിനുള്ള സ്നേഹത്തിന്റെ അതേ അളവിലുള്ള സ്നേഹമുള്ളവരായിരിക്കണം. അവിടുന്ന് നമുക്കു നല്കിയ ഏറ്റവും സുന്ദരവും വലുതുമായ സമ്മാനങ്ങളെക്കുറിച്ചാണ് നാം പ്രഘോഷിക്കുന്നത്: അവിടുത്തെ ജീവനും അവിടുത്തെ സ്നേഹവും.

ഓരോ വ്യക്തിക്കും ദൈവം നല്കുന്ന ദാനമായ രക്ഷാസന്ദേശം സ്വീകരിക്കാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ട്. പരിഹാരം കാണേണ്ട എത്രമാത്രം അനീതിയും യുദ്ധങ്ങളും മാനുഷിക വിഷമസന്ധികളുമുണ്ടെന്നു പരിഗണിക്കുമ്പോൾ ഇത് കൂടുതൽ അത്യാവശ്യമായിത്തീരുന്നു. സന്തോഷവും അനുരഞ്ജനവും നീതിയും സമാധാനവും നടപ്പാക്കാൻ ക്ഷമയുടെയും കാരുണ്യത്തിന്റെയും സുവിശേഷത്തിനു സാധിക്കുമെന്ന് മിഷണറിമാർ അനുഭവത്തിൽ നിന്ന് അറിയുന്നു. സുവിശേഷത്തിലെ കല്പന ഇതാണ്: ''ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ'' (മത്താ. 28:19-20). ഈ കല്പന കാലഹരണപ്പെട്ടിട്ടില്ല. സർവ്വ വെല്ലുവിളികളോടും കൂടിയ ഇന്നത്തെ സാഹചര്യത്തിൽ നവീകൃതമായ പ്രേഷിതത്വ ''പ്രചോദനം'' ഉണ്ടായിരിക്കാനുള്ള വിളി നാം ശ്രവിക്കാൻ ആ കല്പന നമ്മെ കടപ്പെടുത്തുന്നു. ''സുവിശേഷത്തിന്റെ സന്തോഷം'' എന്ന എന്റെ അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെതന്നെ. ''ഓരോ ക്രൈസ്തവനും ഓരോ സമൂഹവും കർത്താവു ചൂണ്ടിക്കാണിക്കുന്ന വഴി തിരിച്ചറിയണം. എന്നാൽ സുവിശേഷപ്രകാശം ആവശ്യമായിരിക്കുന്ന അതിരുകളിലേക്ക് എത്തിച്ചേരാൻ സ്വന്തം സുഖസൗകര്യങ്ങളുടെ മണ്ഡലത്തിൽ നിന്ന് മുന്നോട്ടുപോകാനുള്ള അവിടുത്തെ വിളി അനുസരിക്കാൻ നമ്മോടു കല്പിക്കപ്പെട്ടിരിക്കുന്നു'' (20).

ഈ ജൂബിലി വർഷം ആഗോളമിഷൻ ദിനാചരണത്തിന്റെ 90-ാം വാർഷികമാണ്. ഇത് 1926-ൽ പീയൂസ് പതിനൊന്നാമൻ മാർപാപ്പാ ആദ്യമായി അംഗീകരിച്ചു. വിശ്വാസപ്രചാരണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ സംഘം സ്ഥാപിക്കുകയും ചെയ്തു. അതുകൊണ്ട് എന്റെ മുൻഗാമികളുടെ ബുദ്ധിപൂർവകമായ നിർദേശങ്ങൾ അനുസ്മരിക്കുക സമുചിതമാണ്. ലോകം മുഴുവനിലുമുള്ള രൂപതയിലും ഇടവകയിലും സന്ന്യാസസമൂഹത്തിലും അസോസിയേഷനിലും സഭാത്മക പ്രസ്ഥാനത്തിലും നിന്ന് സംഭാവനകൾ ശേഖരിക്കാനും അവകൊണ്ട് ലോകത്ത് എവിടെയുമുള്ള ആവശ്യത്തിൽപ്പെട്ടിരിക്കുന്ന ക്രൈസ്തവസമൂഹങ്ങളെ സംരക്ഷിക്കാനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള സുവിശേഷപ്രഘോഷണത്തെ പിന്താങ്ങാനും വേണ്ടിയുള്ളതായിരിക്കണം ഈ സംഘമെന്ന് എന്റെ ആ മുൻഗാമികൾ കല്പിച്ചിട്ടുണ്ട്. പ്രേഷിതത്വപരമായ സഭാത്മക കൂട്ടായ്മയുടെ ഈ അടയാളത്തിൽ ഇന്നും നാം വിശ്വസിക്കുന്നു. നമുക്കു നമ്മുടെ തന്നെ പ്രത്യേക താത്പര്യങ്ങളിൽ ഹൃദയം അടയ്ക്കാതിരിക്കാം. നമ്മുടെ ഹൃദയങ്ങളെ മുഴുവൻ മനുഷ്യവംശത്തിനുംവേണ്ടി തുറന്നിടാം.

രക്ഷിക്കപ്പെട്ട മനുഷ്യവംശത്തിന്റെ ശ്രേഷ്ഠ ഐക്കണും സഭയ്ക്കുള്ള മിഷണറിമാരുടെ മാതൃകയുമായ പരിശുദ്ധ മറിയം ഉത്ഥിതനായ കർത്താവിന്റെ സജീവവും നിഗൂഢവുമായ സാന്നിധ്യം വളർത്താനും സംരക്ഷിക്കാനും സകല സ്ത്രീ-പുരുഷന്മാരെയും കുടുംബങ്ങളെയും പഠിപ്പിക്കട്ടെ. ഉത്ഥിതനായ കർത്താവ് വൈയക്തിക ബന്ധങ്ങളെയും സംസ്കാരങ്ങളെയും നവീകരിക്കുകയും സന്തോഷകരമായ കാരുണ്യംകൊണ്ട് എല്ലാവരെയും നിറക്കുകയും ചെയ്യുന്നവനാണ്.

വത്തിക്കാനിൽ നിന്ന് 15 മെയ് 2016, പന്തക്കുസ്താത്തിരുനാൾ
**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

C. 23. **സർക്കുലർ**

## സെപ്റ്റംബർ 8-പെൺകുട്ടികളുടെ ദിനം

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളായ സെപ്റ്റംബർ 8-ാം തീയതി സഭ പെൺകുട്ടികളുടെ ദിനമായും ആചരിക്കുന്നു. ജനനം മുതൽ പെൺകുട്ടികൾ അനുഭവിക്കേണ്ടി വരുന്ന എല്ലാ അസമത്വങ്ങളിലേക്കും സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെയൊരു ദിനം ആചരിക്കുന്നത്. ആൺകുട്ടിയോ, പെൺകുട്ടിയോ എന്ന വ്യത്യാസമില്ലാതെ എല്ലാ മനുഷ്യജീവനും ദൈവത്തിന്റെ ആമൂല്യ ദാനവും, തുല്യപരിഗണന അർഹിക്കുന്നതുമാണ്. നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസം, പോഷകാഹാരം, നിയമപരമായ അവകാശങ്ങൾ, ആരോഗ്യപരിചരണം, സുരക്ഷിതത്വം, ആദരവും അംഗീകാരവും, ശിശുവിവാഹം തുടങ്ങിയ മേഖലകളിൽ പെൺകുട്ടികൾ അനുഭവിക്കേണ്ടിവരുന്ന അസമത്വങ്ങളും വിവേചനങ്ങളും വലിയ സാമൂഹിക പ്രശ്നമായി നിലനിൽക്കുന്നു. പെൺകുട്ടികൾ പൊതുവെ അനുഭവിക്കേണ്ടിവരുന്ന വിവേചനങ്ങളിലും ചൂഷണങ്ങളിലും നിന്ന് അവരെ വിമോചിപ്പിക്കാൻ നമുക്കും കടമയുണ്ട്. ജനിക്കാനുള്ള അവകാശം മുതൽ എല്ലാ കാര്യങ്ങളിലും പെൺകുട്ടികൾക്ക് ആൺകുട്ടികളോടൊപ്പം തുല്യതയും മാന്യതയും നൽകുവാൻ ശ്രദ്ധിക്കാം. CBCI വനിതാ ഫോറത്തിന്റെ നേതൃത്വത്തിലുള്ള പെൺകുട്ടികളുടെ ദിനാചരണം ഇതിനു സഹായിക്കട്ടെ. പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിന്റെയും, പെൺകുട്ടികളുടെ ദിനത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

എന്ന്,

✠ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ





C. 58/16 **നാമഹേതുകത്തിരുനാൾ മംഗളങ്ങൾ**

സെപ്റ്റംബർ 21-ാം തീയതി നാമഹേതുകത്തിരുനാളും 23-ാം തീയതി ജന്മദിനവും ആഘോഷിക്കുന്ന അഭി. പിതാവിന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ. വളർന്നു കൊണ്ടിരിക്കുന്ന നമ്മുടെ രൂപതയെ ശക്തമായ നേതൃത്വപാടവത്തോടെ നയിക്കുന്നതിനുള്ള ദൈവകൃപ അഭി. പിതാവിന് ധാരാളമായി കൈവരട്ടെ. പിതാവിനെ നന്ദിപൂർവ്വം അനുസ്മരിക്കുന്നതോടൊപ്പം തിരുനാൾ ദിവസം പ്രത്യേകമായി പ്രാർത്ഥിക്കുവാൻ ബഹു. വികാരിയച്ചന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിക്കുമല്ലോ.

*Proto-syncellus*

C. 59/16 **വൈദികർക്കായുള്ള സ്റ്റഡി ഫോറം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2016 ഒക്ടോബർ 18, 19 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

വെള്ളയാംകുടി : ഒക്ടോബർ 18 (ചൊവ്വ)
അടിമാലി : ഒക്ടോബർ 19 (ബുധൻ)
സമയം : 10.00 am - 4.00 pm.

*Bishop*

C. 60/16 **ഒക്ടോബർ മാസവും ജപമാല ഭക്തിയും**

നമ്മുടെ ഇടവകകളിലും പ്രത്യേകമായി ഓരോ ഭവനത്തിലും ഒക്ടോബർ മാസം ജപമാലയുടെ മാസമായി ഉചിതമായി ആചരിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. കൂടുതൽ ത്യാഗപൂർവ്വം വി. കുർബാനയിലും, ജപമാലയിലും, ദിവ്യകാരുണ്യ ആരാധനയിലും പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

## C. 61/16 വൈദികരുടെ വാർഷിക ധ്യാനം

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷിക ധ്യാനം ഒന്നാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 11-16 തീയതികളിലും രണ്ടാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 18-23 തീയതികളിലും അടിമാലി ആത്മ ജ്യോതിയിൽ നടത്തപ്പെടുന്നു. ധ്യാനത്തിന്റെ വിശദവിവരങ്ങൾ 2016 ജൂലൈ മാസത്തിലെ സഹ്യനാദത്തിൽ കാണുക.

*Bishop*

## C. 62/16 രൂപതാ പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

നമ്മുടെ രൂപതയിലെ നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി കഴിഞ്ഞ സമ്മേളനത്തോടെ (ജൂലൈ 9, 2016) അവസാനിച്ചു. ഇനി പുതിയ കൗൺസിൽ രൂപീകരിക്കേണ്ടതായിട്ടുണ്ട്. പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോന പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് പെ. ബഹു. ഫൊറോന വികാരിമാരുടെ ഉത്തരവാദിത്വത്തിൽ നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, ഇടവക, പൂർണ്ണമേൽവിലാസം, ഫോൺ നമ്പർ എന്നീ വിവരങ്ങൾ ഒക്ടോബർ 30-ാം തീയതിക്കകം രൂപതാ ചാൻസലറെ അറിയിക്കേണ്ടതാണ്.

ഫൊറോന പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് നടത്തുവാനുള്ള സമ്മേളനത്തിന്റെ ദിവസവും സമയവും അതാത് ഫൊറോനാ വികാരിമാർ തങ്ങളുടെ ഫൊറോനകളുടെ കീഴിലുള്ള പള്ളികളുടെ വികാരിമാരെ അറിയിക്കേണ്ടതാണ്. ഫൊറോന തിരഞ്ഞെടുപ്പിന് വേണ്ടി ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് ബഹു. വികാരിമാരുടെ മേൽനോട്ടത്തിൽ നടത്തി അവരുടെ പേര് വിവരങ്ങൾ ഒക്ടോബർ 8-ാം തീയതിക്കകം ഫൊറോനാ വികാരിയെ അറിയിക്കേണ്ടതാണ്.

ഓരോ ഇടവകയിൽ നിന്നും 2 പ്രതിനിധികളെ വീതമാണ് ഫൊറോനകളിലേയ്ക്ക് തിരഞ്ഞെടുക്കേണ്ടത്. 500 വീടുകളിൽ കൂടുതലുള്ള ഇടവകകളിൽ നിന്ന് മൂന്നാമതൊരു പ്രതിനിധിയെക്കൂടി തിരഞ്ഞെടുക്കാവുന്നതാണ്. ആ പ്രതിനിധി ഒരു വനിതയായിരിക്കണം.



ഓരോ ഫൊറോനയിൽ നിന്നും 2 അല്മായ പ്രതിനിധികളെയാണ് രൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുത്തയക്കേണ്ടത്. 10 ഇടവകകളിൽ കൂടുതലുള്ള ഫൊറോനകളിൽ നിന്നും മൂന്നാമതൊരു പ്രതിനിധിയെക്കൂടി തിരഞ്ഞെടുക്കേണ്ടതാണ്.

പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ സഭാകാര്യങ്ങളിൽ തല്പരരും മാതൃകാപരമായ ക്രൈസ്തവജീവിതം നയിക്കുന്നവരും നേതൃത്വ ഗുണമുള്ളവരുമായ വ്യക്തികളെ തിരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*Bishop*

## C. 63/16 തിരുപ്പട്ടസ്വീകരണം 2016-17

ഇടുക്കി രൂപതയിൽനിന്നും 2016-17 വർഷത്തിൽ തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ബഹു. ഡീക്കൻമാരുടെയും അവരുടെ മാതാപിതാക്കളുടെയും വികാരിയച്ചൻമാരുടെയും ഒരു സമ്മേളനം ഒക്ടോബർമാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.30 മുതൽ കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തപ്പെടുന്നു. തിരുപ്പട്ട സ്വീകരണത്തെയും അതിന്റെ ക്രമീകരണങ്ങളെയും സംബന്ധിച്ച പ്രധാനപ്പെട്ട പൊതുനിർദ്ദേശങ്ങൾ നൽകുന്ന ഈ സംഗമത്തിലേക്ക് സന്യാസ സഭകൾക്കായി പട്ടം സ്വീകരിക്കാനൊരുങ്ങുന്നവരുൾപ്പെടെ എല്ലാ ഡീക്കൻമാരുടെയും അവരുടെ മാതാപിതാക്കളുടെയും സാന്നിദ്ധ്യം ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തുമല്ലോ.

*Proto Syncellus*

## C. 64/16 രൂപതാ ഡയറക്ടറി 2016-17

2016-17 വർഷത്തേക്കുള്ള പുതിയ രൂപതാ ഡയറക്ടറി രൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്.

*Chancellor*

## C. 65/16 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. മാത്യു തൊട്ടിയിൽ | സെപ്റ്റംബർ 21 |
| റവ. ഫാ. മാത്യു അരീപ്ലാക്കൽ | ,, |

| | |
|---|---|
| റവ. ഫാ. മാത്യു ചെറുപറമ്പിൽ | ,, |
| റവ. ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കൽ | ,, |
| റവ. ഫാ. മാത്യു തടത്തിൽ | ,, |
| റവ. ഫാ. മാത്യു തറമുട്ടം | ,, |
| റവ. ഫാ. മാത്യു വളവനാൽ | ,, |
| റവ. ഫാ. മാത്യു വിളക്കുമരുതുങ്കൽ | ,, |
| റവ. ഫാ. മാത്യു ഇരുമ്പുകുത്തിയിൽ | ,, |
| റവ. ഫാ. മാത്യു പുതുപറമ്പിൽ | ,, |
| റവ. ഫാ. മാത്യു അഴകനാക്കുന്നേൽ | ,, |
| റവ. ഫാ. മാത്യു അരയത്തിനാൽ | ,, |
| റവ. ഫാ. മാത്യു കുഴികണ്ടത്തിൽ | ,, |
| റവ. ഫാ. മാത്യു പൊന്നമ്പേൽ | ,, |
| റവ. ഫാ. മാത്യു വെങ്ങാലൂർ | ,, |
| റവ. ഫാ. മാത്യു മടുക്കക്കുഴി | ,, |
| റവ. ഫാ. വിൻസെന്റ് വാളിപ്ലാക്കൽ | സെപ്റ്റംബർ 26 |
| റവ. ഫാ. മൈക്കിൾ മാളിയേക്കൽ | സെപ്റ്റംബർ 29 |

## ക്രിസ്തുജ്യോതി

**CJ. 58/16 ലോഗോസ് ക്വിസ് 2016**

ലോഗോസ് ക്വിസ് 2016 രൂപതാതല പരീക്ഷ സെപ്റ്റംബർ 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെയാണ്. ഓരോ ഇടവകയും പരീക്ഷാ കേന്ദ്രങ്ങളായിരിക്കും. പരീക്ഷക്കുശേഷം സെപ്റ്റംബർ 26-ാം തിയതി തിങ്കളാഴ്ച 6 pm മുമ്പായി ഉത്തര പേപ്പറുകളും രജി. ഷീറ്റും അതാതു വിതരണ കേന്ദ്രങ്ങളിലോ ക്രിസ്തുജ്യോതി ഓഫീസിലോ എത്തിക്കേണ്ടതാണ്. ഉത്തര പേപ്പറുകൾ രജി. ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഗ്രൂപ്പു തിരിച്ച് അക്ഷരമാലക്രമത്തിൽ അടുക്കി നൽകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പരീക്ഷ എഴുതുന്നവർക്കുള്ള ഹാൾടിക്കറ്റ് നെറ്റിൽനിന്ന്



മുൻകൂട്ടി എടുത്ത് രജി. നമ്പരുകൾ നൽകേണ്ടതാണ്. ലോഗോസ് ക്വിസിന്റെ സൈറ്റിൽ പഠനസഹായി 2016 എന്ന option ൽ Model Questions തയ്യാറാക്കി ഇട്ടിട്ടുണ്ട്. ആവശ്യമുള്ളവർക്ക് അത് ഉപയോഗിക്കാനാകും.

**CJ. 59/16 ഒന്നാം ടേം പരീക്ഷ**

സൺഡേ സ്കൂൾ കുട്ടികൾക്കായുള്ള ഒന്നാം ടേം പരീക്ഷ ഒന്നുമുതൽ 10-ാം ക്ലാസുവരെ ഒക്ടോബർ 2 ന് ആണ് നടക്കുക. ചോദ്യപേപ്പറുകൾ ഒക്ടോബർ 1-ാം തീയതി അതാതു വിതരണകേന്ദ്രങ്ങളിൽ നിന്ന് വാങ്ങേണ്ടതാണ്. വിതരണകേന്ദ്രങ്ങൾ - ചുരുളി, അടിമാലി ആത്മജ്യോതി, രാജാക്കാട്, എല്ലക്കൽ, ചെമ്മണ്ണാർ, നെടുങ്കണ്ടം, ഇരട്ടയാർ, വെള്ളയാംകുടി, ഇടുക്കി, ബിഷപ്പ്സ് ഹൗസ്, മുരിക്കാശ്ശേരി (രാജപുരം, മങ്കുവ, രാജമുടി, പെരിഞ്ചാംകുട്ടി, ജോസ്പുരം, വാത്തിക്കുടി, തോപ്രാംകുടി, ഉദയഗിരി, കനകക്കുന്ന് എന്നീ ഇടവകകളുടെ ചോദ്യപേപ്പറുകൾ) ഉത്തര പേപ്പറുകൾ ഇടവകയിൽ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

**CJ. 60/16 XI, XII ക്ലാസുകളിലെ ഒന്നാം ടേം പരീക്ഷ തീയതിക്കു മാറ്റം**

ഒന്നാം ടേം XI, XII ക്ലാസുകളിലെ പരീക്ഷ കലണ്ടറിൽ കൊടുത്തിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഒക്ടോബർ 9-ാം തീയതി ഞായറാഴ്ചയാണ് നടത്തേണ്ടത്.

**CJ.61/16 12-ാം ക്ലാസ് പ്രതിഭയെ തെരഞ്ഞെടുക്കൽ**

SMCCയുടെ 12-ാം ക്ലാസ് പ്രതിഭയെ തെരഞ്ഞെടുക്കലിന്റെ ആദ്യപടിയായ ഇടവകതല തിരഞ്ഞെടുപ്പ് അതാത് ഇടവകകളിൽ സെപ്റ്റംബർ 15 ന് മുമ്പായി നടത്തി തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികളുടെയും 2 പെൺകുട്ടികളുടെയും പേരുവിവരങ്ങൾ അതാതു ഫൊറോന കേന്ദ്രങ്ങളിൽ അറിയിക്കേണ്ടതാണ്.

**CJ. 62/16 SMCC ഫൊറോനതല തെരഞ്ഞെടുപ്പ്**

ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന +2

വിദ്യാർത്ഥികളുടെ ഫൊറോനതല തെരഞ്ഞെടുപ്പ് സെപ്റ്റംബർ 21 ന് ബുധനാഴ്ച അതാത് ഫൊറോനകളിൽ നടക്കും. രാവിലെ 10 am ന് ആരംഭിച്ച് 3.30 pm ന് ക്യാമ്പ് അവസാനിക്കും. ഇടവകയെ പ്രതിനിധീകരിച്ച് മികച്ച 2 ആൺകുട്ടികളെയും 2 പെൺകുട്ടികളെയും ഈ സെമിനാറിൽ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. രജി. ഫീസ് ഒരു ഇടവകക്ക് 200 രൂപയാണ്. ഉച്ചഭക്ഷണം കുട്ടികൾക്ക് കൊടുക്കുന്നതായിരിക്കും. വെള്ളത്തൂവൽ ഫൊറോനാ പള്ളിയിൽ SMCC ക്യാമ്പ് ഇല്ല. വെള്ളത്തൂവൽ ഫൊറോനയിലെ കല്ലാർകുട്ടി, കുത്തുപാറ, ചെല്ല്യാംപാറ ഇടവകകളിലെ കുട്ടികൾ കൂമ്പൻപാറ ഫൊറോനയിലും ബാക്കി ഇടവകകളിലെ കുട്ടികൾ രാജാക്കാടുമാണ് പങ്കെടുക്കേണ്ടത്. ഓരോ ഫൊറോനയിലെയും +2 ക്യാമ്പിന് അതാതു ഫൊറോനയിലെ ബഹു. വികാരിയച്ചനും സൺഡേ സ്കൂൾ ഹെഡ് മാസ്റ്ററും വേണ്ട സജ്ജീകരണങ്ങൾ ചെയ്യുമല്ലോ.

## CJ. 63/16 സൺഡേ സ്കൂൾ ടൈംസ്

വിശ്വാസ പരിശീലകരുടെ "സൺഡേ സ്കൂൾ ടൈംസ്" പത്രം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി നവംബർ 14 ആണ്. (വിശദവിവരങ്ങൾക്ക് ഫയൽ നോക്കുക).

## CJ. 64/16 മതാദ്ധ്യാപകരുടെ സ്റ്റഡി ഫോറം-മാതൃകാചോദ്യങ്ങൾ

### അദ്ധ്യായം 1

01. മാർത്തോമ്മാശ്ലീഹായിൽ നിന്ന് വിശ്വാസവെളിച്ചം സ്വീകരിക്കുവാൻ ഭാഗ്യം സിദ്ധിച്ചവർ ആര്? -മാർത്തോമ്മാ ക്രിസ്ത്യാനികൾ.
02. തോമാശ്ലീഹാ സ്ഥാപിച്ച അരപ്പള്ളി ഏത്? - തിരുവാംകോട്.
03. തോമാസ്ലീഹാ സ്ഥാപിച്ച പള്ളികൾ?
 - കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ്, കോക്കമംഗലം, കൊല്ലം, നിരണം, നിലയ്ക്കൽ.
04. തോമാശ്ലീഹാ രക്തസാക്ഷിത്വമകുടം ചൂടിയത് എന്ന് എവിടെ വച്ച്?
 - AD 72 -ൽ മൈലാപ്പൂർ.
05. മാർത്തോമാശ്ലീഹായുടെ പാരമ്പര്യം പൈതൃകമായുള്ള സഭ?
 - പേർഷ്യൻ സഭ.
06. നിഖ്യാ സൂനഹദോസ് എന്നായിരുന്നു? - AD 325.



07. ഇന്ത്യയിലെ പേർഷ്യൻ മെത്രാൻ അറിയപ്പെട്ടിരുന്ന പേര്?
 - ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്ത.
08. ഉദയം പേരൂർ സൂനഹദോസ് എന്നായിരുന്നു? - 1599.
09. മിഷൻ രാജ്യങ്ങളിൽ സഭാഭരണം നടത്തുന്നതിന് മാർപ്പാപ്പ പോർട്ടുഗീസ് രാജാവിന് നൽകിയ പ്രത്യേകാനുമതിയുടെ പേര്?
 - പദ്രൊവാദൊ.
10. കൂനൻ കുരിശു സത്യം നടന്നത് എന്ന്? - 1653 ജനുവരി 3.
11. മാർപ്പാപ്പയുടെ മേൽനോട്ടത്തിൽ നടത്തുന്ന മിഷൻ പ്രവർത്തനത്തിന് പറയുന്ന പേര്? - പ്രൊപ്പഗാന്ത ഫീദെ.
12. ഇന്ത്യയിൽ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചത് എന്ന്?
 - 1886 സെപ്തംബർ 1.
13. സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ചത് എന്ന്?
 - 1923 ഡിസംബർ 21.
14. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടത് എന്ന്? - 1992 ഡിസംബർ 16 ന്.
15. മേജർ ആർച്ചു ബിഷപ്പിന്റെ ആസ്ഥാനം ഏത്?
 - എറണാകുളം-അങ്കമാലി.
16. സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചു ബിഷപ്പ് ആര്?
 - മാർ ആന്റണി പടിയറ.
17. സീറോ മലബാർ സഭയിലെ ആകെ രൂപതകൾ? -31.
18. മാർത്തോമാ ക്രിസ്ത്യാനികളുടെ ആദ്യത്തെ ലത്തീൻ മെത്രാൻ?
 - ബിഷപ്പ് ഫ്രാൻസീസ് റോസ്.
19. ബൈബിളിന്റെ സുറിയാനി വിവർത്തനം ഏത്? - പ്ശീത്ത.
20. ബൈബിളിന്റെ ലത്തീൻ വിവർത്തനം ഏത്? - വുൾഗാത്ത.
21. സീറോ മലബാർ സഭയുടെ ലിറ്റർജിയുടെ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചത് ആര്? - പതിനൊന്നാ-ാം പീയൂസ് മാർപ്പാപ്പാ.

### അധ്യായം 2

01. തിരുസ്സഭയുടെ അത്യുച്ചസ്ഥാനവും അവളുടെ ശക്തിയുടെ ഉറവിടവും? - ആരാധനക്രമം.
02. ലിറ്റർജി എന്ന ഇംഗ്ലീഷ് പദം ഏത് ലാറ്റിൻ പദത്തിൽ നിന്നാണ് ഉണ്ടായത്? - ലിത്തൂർജിയാ.

03. ലിത്തൂർജിയാ എന്ന പദം ഏത് ഗ്രീക്കുപദത്തിൽ നിന്നാണ് രൂപം കൊണ്ടത്? - ലെയ്ത്തൂർഗിയ.

04. ലെയ്ത്തൂർഗിയ എന്ന പദത്തിന്റെ മൂലാർത്ഥം എന്ത്? - പൊതുവായ പ്രവൃത്തി.

05. ആരാധന ക്രമത്തിന്റെ കേന്ദ്രബിന്ദു? - വി. കുർബാന.

06. ആരാധന ക്രമത്തെക്കുറിച്ച് പഠിപ്പിക്കുന്ന 12-ാം പീയൂസ് മാർപ്പാപ്പയുടെ ചാക്രിക ലേഖനം ഏത്? - മെദിയാത്താർ ദേയി.

07. ആരാധനക്രമം ആരിൽ കേന്ദ്രീകൃതമാണ്? - പിതാവിൽ.

08. സൃഷ്ടിയെയും രക്ഷയെയും സംബന്ധിച്ച സകല അനുഗ്രഹങ്ങളുടെയും സ്രോതസ്സ്? - പിതാവായ ദൈവം.

09. പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ? - മിശിഹാ.

10. സഭയുടെ അടിസ്ഥാന സ്വഭാവം എന്താണ്? - ആരാധനാസമൂഹമായിരിക്കുക.

11. ദൈവത്തിന്റെ സിംഹാസനത്തിന്റെയും കർത്താവിന്റെ കബറിടത്തിന്റെയും പ്രതീകം? - ബലിപീഠം.

12. പിതാവിന്റെ കൂദാശ? - മിശിഹാ.

13. മിശിഹായുടെ കൂദാശ? - സഭ.

14. വിശ്വാസത്തിന്റെ പിതൃസ്വത്ത് എന്തിലൂടെയാണ് സ്വീകരിക്കപ്പെടുന്നത്? - പാരമ്പര്യം വഴി.

15. ആത്മാവിനാൽ നയിക്കപ്പെടുന്ന സഭയുടെ ജീവിതം?-പാരമ്പര്യം.

16. സാർവ്വത്രിക സഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഭാഗം? - അപ്പസ്തോലിക പാരമ്പര്യം.

17. സഭ ചരിത്രപരമായി ജന്മം കൊണ്ടത് എവിടെ? - ജറുസലെം.

18. സഭയുടെ പിള്ളത്തൊട്ടിൽ? - യഹൂദ സംസ്ക്കാരം.

17. കത്തോലിക്കാ സഭയിലെ സ്വയാധികാര സഭകളുടെ എണ്ണം? -24.

18. പൗരസ്ത്യം, പാശ്ചാത്യം എത്ര വീതം? - പൗരസ്ത്യം- 23, പാശ്ചാത്യം-1

19. ഓരോ സഭയുടെയും തനിമ നിർണ്ണയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം? - ആരാധനക്രമം.

20. പാശ്ചാത്യ, പൗരസ്ത്യ സഭാപാരമ്പര്യങ്ങളിലായി എത്ര ആരാധനക്രമ കുടുംബങ്ങളാണ് ഉള്ളത്? - 6.



21. പൗരസ്ത്യ സുറിയാനി ആരാധനക്രമം പിന്തുടരുന്ന 2 സഭകൾ? - സീറോ മലബാർ സഭ, കൽദായ സഭ.

22. പാശ്ചാത്യ റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക ഭാഷ? - ലത്തീൻ.

23. ആരാധനക്രമം അനുസരിച്ച് നില്ക്കുന്നത് പരമ്പരാഗതമായി എന്തു സൂചിപ്പിക്കുന്നു? - ഉത്ഥാനത്തെ.

24. സഭാപാരമ്പര്യത്തിൽ കിഴക്കോട്ട് തിരിയുന്നതിനെ ഏത് അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്? - കർത്താവിങ്കലേക്ക് തിരിയുക.

25. ഗാഢമായ ആരാധനയുടെയും തീക്ഷ്ണമായ അയോഗ്യതാ പ്രകടനത്തിന്റെയും അടയാളം? - സാഷ്ടാംഗം പ്രണമിക്കുന്നത്.

26. പ്രാർത്ഥനയുടെയും ദൈവസന്നിധിയിൽ മദ്ധ്യസ്ഥം വഹിക്കുന്നതിന്റെയും അടയാളം? - കൈകൾ വിരിച്ചുപിടിക്കുന്നത്.

27. കുരിശടയാളം വരക്കുന്നത് എന്തിനെയെല്ലാം സൂചിപ്പിക്കുന്നു? - കുരിശിലെ ബലി, കുരിശിന്റെ നാമത്തിലുള്ള വിശുദ്ധീകരണം, ത്രിത്വൈക ദൈവത്തിന്റെ വിശുദ്ധീകരണം.

## CORPORATE EDUCATIONAL AGENCY

**Edn. 26/16 അദ്ധ്യാപക പരിശീലനം**

ഹൈസ്കൂൾ വിഭാഗത്തിൽ കെമിസ്ട്രി, ഫിസിക്സ്, സോഷ്യൽ സയൻസ്, കണക്ക് വിഷയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പുതിയ പാഠപുസ്തകങ്ങളെ കൂടുതൽ പരിചയപ്പെടുത്തുന്നതിനു വേണ്ടി ഹൈസ്കൂൾ വിഭാഗത്തിൽ ഈ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായി ഒരു തീവ്രപരിശീലന ക്ലാസ് സെപ്റ്റംബർ 16-ന് വെള്ളിയാഴ്ച രാവിലെ 10 മുതൽ 4 മണിവരെ വാഴത്തോപ്പ് സെന്റ് ജോർജസ് ഹയർസെക്കണ്ടറി സ്കൂളിൽവച്ചു നടത്തുന്നതാണ്. പ്രസ്തുത വിഷയങ്ങളിൽ വിദഗ്ധരായ അദ്ധ്യാപകരായിരിക്കും ക്ലാസുകൾ എടുക്കുക. നമ്മുടെ സ്കൂളുകളിൽ ഈ വിഷയങ്ങൾ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരും ഈ പരിശീലന ക്ലാസിൽ പങ്കെടുക്കേണ്ടതാണ്.

## Edn. 27/16 വേദപാഠം, സന്മാർഗ്ഗശാസ്ത്രം പരീക്ഷ

വേദപാഠം, സന്മാർഗ്ഗശാസ്ത്രം ഓണപരീക്ഷ ഓണാവധി കഴിഞ്ഞ് സെപ്റ്റംബർ 23-ാം തീയതി വെള്ളിയാഴ്ച നടത്തുന്നതാണ്. ടൈംടേബിൾ Website-ൽ പ്രസിദ്ധീകരിക്കുന്നതാണ്.

## Edn. 28/16 പി.റ്റി.എ., എം.പി.റ്റി.എ. മീറ്റിംഗ്

നമ്മുടെ സ്കൂളുകളിലെ പി.റ്റി.എ., എം.പി.റ്റി.എ. പ്രസിഡന്റു മാരുടെ മീറ്റിംഗ് ഒക്ടോബർ 1-ാം തീയതി ശനിയാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ്ജ് ഹയർസെക്കണ്ടറി സ്കൂൾഹാളിൽ നടത്ത പ്പെടുന്നതാണ്. രാവിലെ 10 മണിക്കാരംഭിക്കുന്ന പ്രസ്തുത മീറ്റിംഗി ലേയ്ക്ക് എല്ലാ പി.റ്റി.എ., എം.പി.റ്റി.എ. പ്രസിഡന്റുമാരേയും പറഞ്ഞു വിടുവാൻ പ്രധമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലൊ.

# സോഷ്യൽ സർവ്വീസ്

## SS 62/16 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വിസിറ്റ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗിരിജ്യോതി ക്രെഡിറ്റ് യൂണിയന്റെ എല്ലാ യൂണിറ്റുകളിലും ഡയറക്ടർ, സെൻട്രൽ കമ്മറ്റി അംഗങ്ങൾ, എച്ച്.ഡി.എസ്. സ്റ്റാഫ്, ആനിമേറ്റേഴ്സ് എന്നിവർ ഉൾപ്പെടുന്ന ടീം സന്ദർശനം നടത്തുകയും പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തു കയും ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നല്കുകയും ചെയ്തു.

## SS 63/16 കേരള സോഷ്യൽ സർവ്വീസ് ഫോറം ടീം വിസിറ്റ്

കേരള സോഷ്യൽ സർവ്വീസ് ഫോറം ടീം ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ ഓഫീസ് വിസിറ്റ് ചെയ്യുകയും സൊസൈറ്റിയുടെ കഴിഞ്ഞ കാലങ്ങളിൽ നടത്തിയ വിവിധ നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് പ്രോജക്ടുകളുടെ അവലോ കനവും വിലയിരുത്തലുകളും നടത്തുകയും ആവശ്യമായ നിർദ്ദേശ



ങ്ങൾ നല്കുകയും ചെയ്തു. റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ട്, സി. ജെസീന, ശ്രീ. ജോബി എന്നിവരടങ്ങുന്ന ടീമാണ് സന്ദർശനം നടത്തിയത്.

## SS 64/16 ഹരിത കിരൺ പദ്ധതി

പ്രധാന മന്ത്രിയുടെ ആദർശ് ഗ്രാമം പദ്ധതിയുടെ ഭാഗമായി നബാർഡിന്റെ സഹായത്തോടെ സൊസൈറ്റി നടപ്പിലാക്കുന്ന ഹരിത കിരൺ (Tribal Development) പ്രോജക്ടിന്റെ പ്രാരംഭ സർവ്വേയുടെ നടപടികളും മീറ്റിംഗും കഞ്ഞിക്കുഴി പഞ്ചായത്തിലെ മഴുവടി, ഇഞ്ചപ്പാറ, പാലച്ചപ്പ്, തെക്കൻ തോണി എന്നീ സ്ഥലങ്ങളിൽ ഓഗസ്റ്റ് മാസം 13, 14, 15 തീയതികളിലായി നടന്നു. കോളനിയിലെ മുഴുവൻ ആദിവാസി കുടുംബങ്ങളും ഈ പരിപാടിയിൽ പങ്കെടുത്തു. എ.ച്ച്.ഡി.എസ്. പ്രോജക്ട് കോർഡിനേറ്റർ സിബി തോമസ്, പ്രോഗ്രാം ഓഫീസർ ഏണസ്റ്റ് എന്നിവർ പ്രോജക്ട് പ്ലാനിംഗിന് നേതൃത്വം നൽകി.

## SS 65/16 കാരിത്താസ് ഇന്ത്യ നാഷണൽ അസംബ്ലി

ജൂലൈ മാസം 20, 21 തീയതികളിലായി ബാഗ്ലൂർ വച്ചു നടന്ന കാരിത്താസ് ഇന്ത്യയുടെ നാഷണൽ അസംബ്ലിയിൽ എക്സി ക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ പങ്കെടുത്തു.

## SS 66/16 ശുചിത്വ മിഷൻ മീറ്റിംഗ്

ശുചിത്വ മിഷന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ മോനിട്ടറിംഗ് കമ്മറ്റിയിലേക്ക് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയെ തിരഞ്ഞെടുക്കുകയും അതിനുള്ള ഏകദിന പരിശീലനം ഇടുക്കി ബ്ലോക്ക് ഡെവലെപ്മെന്റ് ഓഫീസിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് മാസം 4-ാം തീയതി നടത്തപ്പെടുകയും ചെയ്തു. ഇതിൽ സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു.

## SS 67/16 പഞ്ചായത്ത് വികസന ചർച്ച

നബാർഡുമായി സഹകരിച്ച് സൊസൈറ്റി നടത്തുന്ന

"ഹരിതനിറവ്" പദ്ധതിയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിലെ വിവിധ പദ്ധതികളുമായി ഏകോപിപ്പിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ഇവയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും വേണ്ടി പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് പ്രതിനിധികളുമായി ജൂലൈ 31-ാം തീയതി ചർച്ച നടത്തി. വാത്തിക്കുടി പഞ്ചായത്ത് പ്രസിഡന്റ് പി. രാജു, പഞ്ചായത്ത് മെമ്പർ ശ്രീ. നോബിൾ വടക്കേൽ, സൊസൈറ്റി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ഹരിത നിറവ് പ്രോജക്ട് രക്ഷാധികാരി റവ. ഫാ. ബെന്നോ പുതിയാപറമ്പിൽ, പ്രോജക്ട് കോർഡിനേറ്റർ സിബി മാളിയേക്കൽ ഫീൽഡ് കോർഡിനേറ്റർ എബിൻ തോമസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

### SS 68/16 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ

സൊസൈറ്റിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയ ഗ്രീൻ ഇടുക്കിപ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെയും ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെയും ബോർഡ് മീറ്റിംഗ് നടത്തുകയും ജൂലൈ 31 ന് കണക്ക് അവതരിപ്പിക്കുകയും ചെയ്തു. കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ഭാവി പരിപാടികൾക്ക് രൂപരേഖ തയ്യാറാക്കി.

**ഷെയർ വിതരണം**

ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ഒന്നാം ഘട്ട ഷെയർ വിതരണം നടത്തി. 250 ഷെയർ ഹോൾഡേഴ്സിൽ നിന്നായി 5 ലക്ഷം രൂപയുടെ ഷെയർ സമാഹരണം നടത്തി. ഗ്രീൻ ഇടുക്കിപ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ഷെയർ സമാഹരണം നടന്നുകൊണ്ടിരിക്കുന്നു. കൂടുതൽ കർഷകർക്ക് ഇതിൽ പങ്കാളികളാകാവുന്നതാണ്.

### SS 69/16 ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ, ഇടുക്കി

ഇടുക്കി രൂപതയുടെ കീഴിൽ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ എന്ന പേരിൽ പാലിയേറ്റീവ് കെയർ പരിപാടികൾക്ക് തുടക്കമായി.



ജാതി മതഭേദമന്യെ വീടുകളിൽ കിടപ്പ് രോഗികളും, മാരകമായ രോഗത്താലൊ, അപകടം മൂലമൊ, പ്രായാധിക്യം മൂലമൊ ഇരുപ്പിലായവരുമായ സഹോദരങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇങ്ങനെയൊരു ടീം രൂപീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ജൂൺ ജൂലൈ മാസങ്ങളിലായി കൂടിയ കേന്ദ്ര കമ്മറ്റിയിൽ നിന്ന് ഇടവക തലത്തിലുള്ള ടീമിന് നേതൃത്വവും പരിശീലനവും നല്കുന്നതിന് ഡോക്ടർമാരും, നേഴ്സ്മാരും, വൈദികരും, സിസ്റ്റേഴ്സും, സന്നദ്ധപ്രവർത്തകരും ഉൾപ്പെടുന്ന ഒരു ടീം രൂപീകരിച്ചിട്ടുണ്ട്. നമ്മുടെ രൂപതയിൽ നിലവിൽ വെള്ളയാംകുടി, അടിമാലി, ആൽപ്പാറ, ആനക്കുളം, ഇരട്ടയാർ എന്നീ ഇടവകകളിൽ ഈ ടീം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. വെള്ളയാംകുടി ഇടവകയിലെ ടീം പുതിയതായി ആരംഭിക്കുന്ന ടീം അംഗങ്ങൾക്ക് ഫലപ്രദവും മാതൃകാപരവുമായ രീതിയിൽ പരിശീലനം നല്കുന്നതിന് സഹായിക്കുന്നു.

### SS 70/16 ദുരിതാശ്വാസ നിധി

സൊസൈറ്റിയിൽ നിന്നും ജൂലൈ മാസം 8 അംഗങ്ങൾക്കായി 28250 രൂപ ചികിത്സയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി നൽകിയിട്ടുണ്ട്.

### SS 71/16 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികവും വിസിറ്റും

**കീരിത്തോട്**

കീരിത്തോട് യൂണിറ്റിന്റെ വാർഷികം ആഗസ്റ്റ് മാസം 15-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് രക്ഷാധികാരി റവ. ഫാ. ജോസ് കാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് വാർഷികം ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി സിബി തോമസ് ക്രെഡിറ്റ് യൂണിയൻ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**വെൺമണി**

വെൺമണി യൂണിറ്റിന്റെ വാർഷികം എച്ച്.ഡി.എസ്.

ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ സാന്നിദ്ധ്യത്തിൽ ജൂലൈ 30-ാം തീയതി നടന്നു. ക്രെഡിറ്റ്‌യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് വാർഷികം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോർജ്ജ് ചക്കാങ്കൽ, സെൻട്രൽ കമ്മറ്റി അംഗം ശ്രീ. ജോയൻ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**കരിമ്പൻ**

കരിമ്പൻ യൂണിറ്റിന്റെവാർഷികം ജൂലൈ 30-ാം തീയതി നടന്നു. ക്രെഡിറ്റ്‌യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് വാർഷികം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ, സെൻട്രൽ കമ്മറ്റി അംഗം ശ്രീ. ജോയൻ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**പേഴുംകണ്ടം**

പേഴുംകണ്ടം യൂണിറ്റിന്റെ വാർഷികം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ക്യാൻസറിനെ സംബന്ധിച്ച് ക്രെഡിറ്റ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിൽ 200 ഓളം അമ്മമാർ പങ്കെടുത്തു.

## SS 72/16 യൂണിറ്റ് രൂപീകരണം

ആനക്കുളം ഇടവകയിൽ ക്രെഡിറ്റ് യൂണിയൻ ആരംഭിക്കുന്നതിനായി നടന്ന മീറ്റിംഗിൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ പ്രവർത്തനങ്ങൾ വിശദീകരിച്ചു. 40 ഓളം പേർ പങ്കെടുത്ത യോഗം 2 ആഴ്ചക്കുള്ളിൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് തീരുമാനിച്ചു. വികാരി റവ. ഫാ. ഫിലിപ്പ് ഐക്കര പരിപാടികൾക്ക് നേതൃത്വം നൽകി. ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിന്റെ ഒരു യൂണിറ്റും ഇവിടെ ആരംഭിച്ചു. 15 അംഗങ്ങൾ വോളൻഡിയർമാരായി പ്രവർത്തിക്കുന്നതിന് സന്നദ്ധത അറിയിച്ചു.



# തിരുബാലസഖ്യം

## HC 23/16 കാരുണ്യസന്ദേശ റാലി

കാരുണ്യവർഷ സമാപനത്തോടനുബന്ധിച്ച് എല്ലാ ശാഖകളിലും 'കാരുണ്യസന്ദേശ റാലി' നടത്തേണ്ടതാണ്. കരുണയുടെ വിവിധമുഖങ്ങൾ വെളിവാക്കുന്ന അവതരണങ്ങൾ ഉൾപ്പെടുത്താം. ശാഖകളിൽ കാരുണ്യസന്ദേശറാലിക്ക് സൗകര്യ പ്രദമായ ദിവസം തിരെഞ്ഞെടുക്കാവുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്** : കാരുണ്യസന്ദേശ റാലി നടത്തുന്നതിനാൽ വിവിധ മേഖലകളിൽവച്ച് നടത്താൻ നിശ്ചയിച്ചിരുന്ന റാലി മത്സരം ഉണ്ടായിരിക്കുന്നതല്ല.

## HC 24/16 'On the spot' കയ്യെഴുത്തുമാസിക മത്സരം

റാലി മത്സരത്തോടനുബന്ധിച്ച് മേഖലകളിൽ നടത്താനിരുന്ന 'On the spot' കയ്യെഴുത്തുമാസിക മത്സരംസെപ്റ്റംബർ 21-ാം തീയതി ബുധനാഴ്ച നടക്കുന്ന മേഖലാ കലോത്സവത്തിലെ ഒരു പുതിയ ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ മേഖലാ കലോത്സവത്തോടനുബന്ധിച്ച് കയ്യെഴുത്തുമാസിക മത്സരവും നടത്തുന്നതാണ്. ബഹുമാനപ്പെട്ട ആനിമേറ്റേഴ്സ് കുട്ടികളെ പരിശീലിപ്പിക്കുമല്ലോ.

**നിബന്ധനകൾ** : മത്സരം ഒരു മണിക്കൂറായിരിക്കും. ഒരു ശാഖയിൽ നിന്ന് 8 കുട്ടികളും ഒരു ആനിമേറ്ററുമടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം. ആനിമേറ്റർ ഗൈഡ് ചെയ്യുക മാത്രമേ ചെയ്യാവൂ. ചിത്രങ്ങൾ ഒട്ടിക്കാം. ഒരു പുസ്തകംപോലെ ഒട്ടിച്ചോ, കുത്തിക്കെട്ടിയോ തരാവുന്നതാണ്. കയ്യെഴുത്തുമാസികയുടെ മൂല്യനിർണ്ണയം രൂപതാതലത്തിലായിരിക്കും നടത്തുന്നത്.

## HC 25/16 മേഖലാ കലോത്സവം

സെപ്റ്റംബർ 21-ാം തിയതി ബുധനാഴ്ച വിവിധ മേഖലക

ളിൽവച്ചു നടക്കുന്ന മേഖലാ കലോത്സവത്തിന് കുട്ടികളെ ഒരുക്കുവാൻ ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സെപ്റ്റംബർ 10-ാം തിയതിക്കു മുമ്പായി അതാതു മേഖലാ മോഡറേറ്റേഴ്സിനെ ഏൽപിക്കണം.

# ചെറുപുഷ്പ മിഷൻലീഗ്

## CML 31/16 മേഖലാ കലോത്സവം

സി.എം.എൽ. ഇടുക്കി രൂപതയിലെ 11 മേഖലകളിലും 2016 സെപ്റ്റംബർ മാസം 10-ാം തീയതി ശനിയാഴ്ച മേഖലാ കലോത്സവം നടത്തപ്പെടുന്നു. മേഖലാ കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് മേഖലാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ. മേഖലാ കലോത്സവത്തിന് രൂപതാ പ്രതിനിധിയുടെ സാന്നിധ്യം ഉണ്ടായിരിക്കുന്നതാണ്. മേഖലാ ഭാരവാഹികൾ മത്സര നടത്തിപ്പിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## CML 32/16 ഫാ. ജോസഫ് മാലിപറമ്പിൽ അനുസ്മരണം

സി.എം.എൽ. സ്ഥാപക ഡയറക്ടറായിരുന്ന ഫാ. ജോസഫ് മാലിപറമ്പിൽ അനുസ്മരണം സെപ്റ്റംബർ 11-ാം തീയതി ശാഖകളിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം അസാധാരണ സമ്മേളനവും പൊതു ദിവ്യകാരുണ്യസ്വീകരണവും നടത്തുന്നത് ഉചിതമായിരിക്കും.

## CML 33/16 കാരുണ്യവർഷ തീർത്ഥാടനം

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ഇടുക്കി രൂപതയിലെ നാല് തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് കാരുണ്യവർഷ തീർത്ഥാടനം ജൂലൈ 31, ആഗസ്റ്റ് 7, 21, 28 തീയതികളിൽ നടത്തി. അടിമാലി സെന്റ് ജൂഡ് ദൈവാലയത്തിലേക്ക് നടത്തിയ തീർത്ഥാടനറാലി റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്യുകയും തുടർന്ന് റവ. ഫാ. മാത്യു അരിപ്ലാക്കൽ



സന്ദേശം നൽകുകയും ചെയ്തു. വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് നടത്തിയ തീർത്ഥാടനറാലി റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ ഉദ്ഘാടനം ചെയ്യുകയും റവ. ഡോ. ജോർജ് കുഴിപ്പിള്ളിൽ സന്ദേശം നൽകുകയും ചെയ്തു. രാജകുമാരി ദൈവമാതാ ദൈവാലയത്തിലേക്ക് നടത്തിയ തീർത്ഥാടനറാലി റവ. ഫാ. സെബാൻ മേലേട്ട് ഉദ്ഘാടനം ചെയ്യുകയും തുടർന്ന് റവ. ഫാ. ജോസഫ് പാറയ്ക്കൽ സന്ദേശം നൽകുകയും ചെയ്തു. വെള്ളയാംകുടി സെന്റ് ജോർജ് ദൈവാലയത്തിലേക്ക് നടത്തിയ റാലി റവ. ഫാ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്യുകയും റവ. ഡോ. ജോസഫ് കൊച്ചുകുന്നേൽ സന്ദേശം നൽകുകയും ചെയ്തു.

തീർത്ഥാടനറാലി മനോഹരമാക്കുന്നതിന് നേതൃത്വം കൊടുത്ത ബഹു. ശാഖാ ഡയറക്ടർമാർ, മേഖലാ ഡയറക്ടർമാർ, അസി. ഡയറക്ടർമാർ, ബഹു. സിസ്റ്റേഴ്സ്, ഭാരവാഹികൾ, കുഞ്ഞുമിഷനറിമാർ എന്നിവർക്ക് രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

## CML 34/16 കുഞ്ഞേട്ടൻ അനുസ്മരണം

ആഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച ചെമ്മലമറ്റത്ത് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും രൂപതാ കമ്മറ്റിയിൽനിന്ന് 15 പേർ പങ്കെടുത്തു.

## CML 35/16 രൂപതാ കലോത്സവം

മിഷൻ ലീഗ് രൂപതാ കലോത്സവം ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിൽ നടത്തപ്പെടുന്നു. മേഖലാ കലോത്സവത്തിലെ ഇനങ്ങൾ കൂടാതെ പരിചമുട്ടുകളി, മാർഗ്ഗംകളി, ബൈബിൾ ദൃശ്യാവതരണം, നാടോടി നൃത്തം എന്നീ ഇനങ്ങൾക്ക് ഇടവകകളിൽനിന്നും നേരിട്ട് രൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഈ ഇനങ്ങളിൽ മത്സരിക്കുവാനുള്ളവരുടെ ലിസ്റ്റും മേഖലാ മത്സരങ്ങളിലെ വിജയികളുടെ ലിസ്റ്റും സെപ്റ്റംബർ 25-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനുശേഷമുള്ള എൻട്രികൾ സ്വീകരിക്കുന്നതല്ല.

# കെ.സി.എസ്.എൽ.

**KCSL 36/16 രൂപതാ സാഹിത്യ മത്സരം**

ഈ വർഷത്തെ കെ.സി.എസ്.എൽ. രൂപതാ സാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 17-ാം തിയതി ശനിയാഴ്ച വാഴത്തോപ്പ്, ഇരട്ടയാർ, മുരിക്കാശ്ശേരി, നെടുംങ്കണ്ടം, കൂമ്പൻപാറ എന്നീ 5 റീജിയനുകളിൽ വച്ച് നടത്തപ്പെടും. രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കും.

**KCSL 37/16 അദ്ധ്യാപകദിനാചരണം**

കെ.സി.എസ്.എൽ. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ അദ്ധ്യാപകദിനാചരണം വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർ സെക്കണ്ടറി സ്കൂളിൽ സെപ്റ്റംബർ 5-ാം തിയതി തിങ്കളാഴ്ച നടത്തപ്പെടും. അന്നേദിവസം എല്ലാ യൂണിറ്റുകളിലും കെ.സി.എസ്.എൽ.ന്റെ നേതൃത്വത്തിൽ അദ്ധ്യാപകദിനാചരണം ആഘോഷപൂർവ്വം നടത്തുമല്ലോ.

**KCSL 38/16 കാരുണ്യവർഷം - വസ്ത്ര സമാഹരണം**

കാരുണ്യവർഷത്തോടനുബന്ധിച്ച് അർഹതപ്പെട്ട വ്യക്തികൾക്ക് നൽകുന്നതിനായി കെ.സി.എസ്.എൽ. സംഘടന വസ്ത്ര സമാഹരണം നടത്തുന്നു. പുതിയ വസ്ത്രങ്ങളോ, ഉപയോഗപ്രദമായ പഴയ വസ്ത്രങ്ങളോ ഡ്രൈക്ലീൻ ചെയ്ത് യൂണിറ്റ് തലത്തിൽ സമാഹരിച്ച് പ്രായം തിരിച്ച് പായ്ക്ക് ചെയ്ത് രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ. എല്ലാ യൂണിറ്റുകളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**KCSL 39/16 പഠനക്കളരി - മത്സരവിഷയങ്ങൾ**

U.P. - ''കരുണയുള്ള ഒരു മനുഷ്യനാവുക.'' ഇതാണ് ക്രൈസ്തവ സാക്ഷ്യം.

H.S. - ''അനേകരുടെ ജീവിത വിളക്കുകളിൽ ഒഴിക്കാനുള്ള കരുണയാകണം നമ്മുടെ ജീവിത സമ്പത്ത്.''



H.S.S. - ''അപരന്റെ ദുഃഖങ്ങൾ നമ്മുടേതാക്കി മാറ്റാനുള്ള മനസ്സുമായി നമുക്കുണരണം.''

**KCSL 40/16 അംഗത്വ സ്വീകരണം**

രൂപതാതല അംഗത്വ സ്വീകരണ ഉദ്ഘാടനം ആഗസ്റ്റ് 4-ാം തിയതി കൈലാസം സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ നടത്തി. പ്രോഗ്രാം വിജയകരമായി നടത്തിയ സ്കൂൾ അധികൃതർക്ക് പ്രത്യേകം നന്ദി.

**KCSL 41/16 ജീവിത വിശുദ്ധീകരണ ധ്യാനം**

മുരിക്കാശ്ശേരി സ്നേഹമന്ദിരം ധ്യാനകേന്ദ്രത്തിൽ U.P., H.S., H.S.S. കുട്ടികൾക്കായി ആഗസ്റ്റ് 12 മുതൽ 15 വരെ നടന്ന ജീവിത വിശുദ്ധീകരണ ധ്യാനത്തിൽ 184 കുട്ടികൾ പങ്കെടുത്തു. ധ്യാനം വിജയകരമാക്കുവാൻ സഹകരിച്ച മേലധികാരികളെയും, ആനിമേറ്റേഴ്സിനേയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

# കെ.സി.വൈ.എം.

**KCYM 31/16 അർദ്ധവാർഷിക കൗൺസിൽ**

കെ.സി.വൈ.എം. ഇടുക്കി രൂപതാ അർദ്ധവാർഷിക കൗൺസിൽ ആഗസ്റ്റ് 24-ാം തിയതി കരിമ്പൻ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ. സിജോ ഇലന്തൂർ ഉദ്ഘാടനം ചെയ്തു. ശ്രീ. ഷൈജു ഇഞ്ചക്കൽ ക്ലാസ് നയിച്ചു. റിപ്പോർട്ട് അവതരിപ്പിക്കുകയും സംഘടനാചർച്ചകൾ നടത്തുകയും ചെയ്തു. യുവജനങ്ങളെ പങ്കെടുപ്പിച്ച യൂണിറ്റുകൾക്ക് പ്രത്യേകം നന്ദി.

**KCYM 31/16 വടംവലി മത്സരം**

ഓണാഘോഷപരിപാടികളുടെ ഭാഗമായി കെ.സി.വൈ.എം. അംഗങ്ങൾക്കായി വടംവലി മത്സരം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 17-ാം തിയതി ശനിയാഴ്ച കുഞ്ചിത്തണ്ണി ഹോളി ഫാമിലി ഓഡിറ്റോ

റിയത്തിൽ വച്ചാണ് മത്സരം. മറ്റു വിവരങ്ങൾ കത്തു മുഖേന അറിയിക്കുന്നതാണ്. യൂണിറ്റുകളിൽ നിന്നും യുവജനങ്ങളെ പങ്കെടുപ്പിക്കണേ.

വിശദവിവരങ്ങൾക്ക്: ശ്രീ. ജോയൽ പന്നക്കൽ 9072377484
: ശ്രീ. ആൽബിൻ വറപോളയ്ക്കൽ 8281479373

## മദ്യവിരുദ്ധസമിതി

### MVS 16/16 പ്രസംഗ-ഉപന്യാസ മത്സരങ്ങൾ

2016 ഒക്ടോബർ 8 ശനി 10 am മുതൽ സ്കൂൾ കുട്ടികൾക്കായി പ്രസംഗ-ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിൽ രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കും.

Sub Junior, Junior, Senior എന്നീ 3 വിഭാഗങ്ങളിൽ ആയിരിക്കും മത്സരങ്ങൾ. 4, 5, 6 ക്ലാസ്സുകൾ Sub Junior, 7, 8, 9 Junior, 10, 11, 12 ക്ലാസ്സുകൾ Senior എന്നീ ക്രമത്തിൽ ആയിരിക്കും.

വിഷയം :- **പ്രസംഗം**

Sub Junior - ''**കുടുംബതകർച്ചയിൽ ലഹരിയുടെ സ്വാധീനം**''
Junior - ''**ലഹരിക്കെതിരെ എനിക്കെന്തു ചെയ്യാൻ കഴിയും**''
Senior - ''**എന്തായിരിക്കണം ഗവൺമെന്റിന്റെ മദ്യനയം**''

**ഉപന്യാസം** - (പൊതുവായി ഒരു വിഷയം)
''**ലഹരി ഒരു സാമൂഹിക വിപത്ത്**''

പ്രസംഗം 5 മിനിറ്റ്, ഉപന്യാസം 2 മണിക്കൂർ (പരമാവധി സമയം)

വിജയികൾക്ക് 751, 501, 251 എന്നീ ക്രമത്തിൽ 1, 2, 3 സ്ഥാനങ്ങൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9447524457



## ഫാമിലി അപ്പോസ്റ്റലേറ്റ്

### FA 25/16 ഏലീശ്വാ ധ്യാനം

ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കൾക്കുവേണ്ടി ഒരുക്കുന്ന ധ്യാനത്തിൽ ആന്തരിക സൗഖ്യ ആരാധനയും, ഗൈനക്കോളജി-ശിശുരോഗ വിദഗ്ദർ എന്നിവരുടെ ക്ലാസുകളും, കൗൺസിലിംഗും ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാമത്തെ കുഞ്ഞുങ്ങളുള്ള മാതാപിതാക്കൾക്കു ധ്യാനം സൗജന്യമായിരിക്കും.

ഒക്ടോബർ 14 വെള്ളി വൈകിട്ട് 5 മണിക്ക് തുടങ്ങി 16 ഞായർ 3 മണിക്ക് സമാപിക്കുന്നു. ഫീസ് രണ്ടു പേർക്ക് 500 രൂപ.

### FA 26/16 വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2016 സെപ്റ്റംബർ | 26 തിങ്കൾ | - 28 ബുധൻ |
| ഒക്ടോബർ | 10 തിങ്കൾ | - 12 ബുധൻ |
| ,, | 29 ശനി | - 31 ഞായർ |

സ്ഥലം - അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്റർ
ഫോൺ - 9496895111

## നവോമി കുടുംബ കേന്ദ്രം

### NFC 5/16 നവോമി ധ്യാനം

വിധവകളായ അമ്മമാർക്കു വേണ്ടി നടത്തപ്പെടുന്ന ഈ ധ്യാനത്തിൽ വചനാധിഷ്ഠിതമായ ആരാധനാസ്തുതിപ്പുകളും കൗൺസിലിംഗ് സൗകര്യവും ക്രമീകരിച്ചിരിക്കുന്നു. ഒക്ടോബർ 13 വ്യാഴം 4 മണിക്ക് ആരംഭിച്ച് 16 ഞായർ 3 മണിക്ക് സമാപിക്കുന്നു.

2016-ൽ നമ്മുടെ രൂപതയിൽ പുതിയതായി തുടങ്ങിയ നവോമി സംഘടന (വിധവകളുടെ കൂട്ടായ്മ) ബഹു. വൈദികരു

ടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ ഇടവകാതലത്തിൽ രൂപീകൃതമാവുകയും താഴെ പറയുന്ന ഇടവകകളിൽ പുതിയ നവോമി യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

1. **സെന്റ് ജേക്കബ്സ് ചർച്ച്, ബഥേൽ**

ഡയറക്ടർ - റവ. ഫാ. ജോസഫ് തേനംമാക്കൽ
പ്രസിഡന്റ് - ശാലിനി ജോമി മുതുകുളത്ത്
സെക്രട്ടറി - റോസമ്മ വളയത്ത്
കമ്മറ്റിഅംഗം - റോസമ്മ പുറത്തേൽ

2. **സെന്റ് ജോസഫ്സ് ചർച്ച്, പേഴുംകണ്ടം**

ഡയറക്ടർ - റവ. ഫാ. ജോസഫ് കാരിക്കൂട്ടത്തിൽ
പ്രസിഡന്റ് - ജോളി ജോണി മണ്ണഞ്ചേരിൽ
സെക്രട്ടറി - ചിന്നമ്മ മാത്യു ആയിലുമാലിൽ
കമ്മറ്റിഅംഗം - എത്സമ്മ തോമസ് പാത്തുപറമ്പിൽ

3. **ലൂർദ്ദ് മാതാ ചർച്ച്, കാഞ്ചിയാർ**

ഡയറക്ടർ - റവ. ഫാ. എമ്മാനുവൽ കുത്തനാപ്പള്ളിൽ
പ്രസിഡന്റ് - എത്സമ്മ ദേവസ്യാ പൊടിപാറ
സെക്രട്ടറി - ലിസമ്മ ജോസഫ് പറപ്പള്ളിൽ
കമ്മറ്റിഅംഗം - എത്സമ്മ മാത്യു തയ്യൽകരോട്ട്

4. **സെന്റ് ജോസഫ്സ് ചർച്ച്, മുളകുവള്ളി**

ഡയറക്ടർ - റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ
പ്രസിഡന്റ് - ലിസമ്മ ജോർജ് പുളിക്കകുന്നേൽ
സെക്രട്ടറി - ബിന്ദു ചാക്കോ കുറ്റിപാലയ്ക്കൽ
കമ്മറ്റിഅംഗം -

5. **സെന്റ് ജോർജ് ചർച്ച്, കാൽവരിമൗണ്ട്**

ഡയറക്ടർ - റവ. ഫാ. ജോഷി മലേക്കുടിയിൽ CMI
പ്രസിഡന്റ് - അച്ചാമ്മ ഇഞ്ചാനിയിൽ
സെക്രട്ടറി - മേരി നാഗപാറയിൽ
കമ്മറ്റിഅംഗം - മേഴ്സി നെച്ചിക്കാട്ട്.



# മാതൃവേദി

## MV 15/16 യൂണിറ്റ് സന്ദർശനം

രൂപതാകേന്ദ്രത്തിൽനിന്നും മാതൃവേദി യൂണിറ്റുകൾ സന്ദർശനം നടത്താൻ ആഗ്രഹിക്കുന്നു. ബഹു. വികാരിമാർ തീയതികൾ മുൻകൂട്ടി അറിയിക്കാൻ താത്പര്യപ്പെടുന്നു.

## MV 16/16 ഏകദിന സെമിനാർ

ഇടവക തോറും അമ്മമാർക്കായി ഏകദിന സെമിനാർ നടത്താൻ വിദഗ്ദ ടീം സജ്ജമായിട്ടുണ്ട്. രാവിലെ 10 മുതൽ വൈകുന്നേരം 3.30 വരെയാണ് സെമിനാർ ക്രമീകരിച്ചിരിക്കുന്നത്.

**പ്രോഗ്രാം :** വി. കുർബാന, കുമ്പസാരം, ക്ലാസ്, കൗൺസിലിംഗ്, ആരാധന

## MV 17/16 സ്വർണ്ണ സമ്മാന പദ്ധതി

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി സ്വർണ്ണ സമ്മാന പദ്ധതി ഒരുക്കിയിരിക്കുന്നു. ഒരു അംഗത്തിന് ഒരു കൂപ്പൺ എന്ന രീതിയിലാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം സമ്മാനം ഒരു പവൻ വീതം 2 പേർക്ക്. രണ്ടാം സമ്മാനം L.G. Full automatic Washing Machine. മൂന്നാം സമ്മാനം Butterfly Mixi. നാലാം സമ്മാനം Induction Cooker. അഞ്ചാം സമ്മാനം Dinner Set. ഒരു ലീഫിന്റെ വില 50 രൂപ. വിൽക്കുന്ന തുകയുടെ 10% യൂണിറ്റ് പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതാണ്. ഇടവകയിൽ ഏൽപ്പിക്കുന്ന സമ്മാനക്കുറ്റികൾ കൂടാതെ, സ്വന്തം ഉത്തരവാദിത്വത്തിൽ രൂപതാതലത്തിൽ ഏറ്റവും കൂടുതൽ കൂപ്പൺ വിൽക്കുന്ന മാതൃവേദി അംഗത്തിന് ഒരു പവൻ സ്വർണ്ണം സമ്മാനം നല്കുന്നതായിരിക്കും.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 23/16 കാരുണ്യവർഷ കൺവെൻഷൻ

കത്തോലിക്കാ കോൺഗ്രസ് കാരുണ്യവർഷം പ്രമാണിച്ച് രൂപതയിലെ എല്ലാ ഫൊറോനകളും കേന്ദ്രികരിച്ചു നടത്തുന്ന കാരുണ്യവർഷ കൺവെൻഷൻ കൂമ്പൻപാറ ഫൊറോനയിൽ തുടക്കം കുറിച്ചു. അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 6-ാം തീയതി ശനിയാഴ്ച രാവിലെ മുതലായിരുന്നു കൺവെൻഷൻ. രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കൺവെൻഷൻ ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. കോട്ടയം നവജീവൻ ട്രസ്റ്റ് ചെയർമാൻ ശ്രീ. പി.യു. തോമസ് മുഖ്യപ്രഭാഷണം നടത്തി. സമ്മേളനത്തിൽ കാരുണ്യവർഷത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ''ക്രിസ്തുവിന് ഒരുപിടി മണ്ണ്'' എന്ന പദ്ധതി കൂമ്പൻപാറ ഇടവകാംഗമായ ശ്രീ. ഫ്രാൻസീസ് തയ്യിൽനിന്നും അഞ്ചുസെന്റ് സ്ഥലത്തിന്റെ ഭൂദാന സമ്മതപത്രം അഭിവന്ദ്യ പിതാവ് ഏറ്റുവാങ്ങി. കൂമ്പൻപാറ ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ, രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി, സംസ്ഥാന ട്രഷറർ ജോസുകുട്ടി ജോർജ്ജ് മാടപ്പള്ളിൽ, KCF ട്രഷറർ പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ, രൂപതാ ജനറൽ സെക്രട്ടറി ജോസഫ് തോമസ് ഒഴുകയിൽ, ശ്രീ. സണ്ണി കരിവേലിക്കൽ, ഡോ. ജോയി കോയിക്കകുടി, ഫൊറോന പ്രസിഡന്റ് ശ്രീ. ജേക്കബ് കറുകപ്പള്ളി, സണ്ണി പൂങ്കുടി എന്നിവർ സംസാരിച്ചു. ഇടവക തലത്തിൽ ഗ്രൂപ്പു തിരിഞ്ഞുള്ള കാരുണ്യവർഷ പ്രവർത്തനങ്ങളുടെ ഇടവകയിൽ നടത്താവുന്ന പ്രവർത്തന - ചർച്ചയിൽ ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, ശ്രീ. ചുമ്മാർ മാത്യു തുണ്ടത്തിൽ, ശ്രീ. ജോർജ് താളുപ്ലാക്കൽ, ശ്രീ. മാത്യു മലേപ്പറമ്പിൽ, ശ്രീ. ജേക്കബ് വരമ്പകത്ത്, സി.എ. മത്തായി തുടങ്ങിയവർ നേതൃത്വം നല്കി. പന്ത്രണ്ട് ഇടവകകളിൽ നിന്നായി ബഹു. വികാരിയച്ചന്മാരുടെയും ബഹു.



സിസ്റ്റേഴ്സിന്റെയും ഇടവക ഭാരവാഹികളുടെയും നേതൃത്വത്തിൽ മുന്നൂറോളം അംഗങ്ങൾ പങ്കെടുത്തു.

## AKCC 24/16 നന്ദിയോടെ

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കൂമ്പൻപാറ ഫൊറോനയിൽ നടന്ന കാരുണ്യവർഷ കൺവെൻഷൻ വിജയിപ്പിക്കാൻ ആത്മാർത്ഥമായി സഹകരിച്ച എല്ലാ ഇടവക വികാരിയച്ചന്മാരേയും ബഹു. സിസ്റ്റേഴ്സ്, വിവിധ സംഘടനാ ഭാരവാഹികൾ, മതാദ്ധ്യാപകർ, ഫൊറോനാ, ഇടവക ഭാരവാഹികൾ എന്നിവർക്ക് രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## AKCC 25/16 ചുരുളി ഫൊറോന കൺവെൻഷൻ

കത്തോലിക്കാ കോൺഗ്രസ് കാരുണ്യവർഷ ഫൊറോന കൺവെൻഷൻ 2016 സെപ്റ്റംബർ 10-ന് ചുരുളി ഫൊറോനയുടെ കീഴിലുള്ള ഇടവകകളുടെ കൺവെൻഷൻ ചുരുളി സെന്റ് തോമസ് പാരിഷ് ഹാളിൽ നടക്കും. ഇടുക്കി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം നടത്തുന്ന കൺവെൻഷനിൽ കോട്ടയം നവജീവൻ ട്രസ്റ്റ് ചെയർമാൻ ശ്രീ. പി.യു. തോമസ് മുഖ്യാഥിതി ആയിരിക്കും. ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള ബഹു. വൈദികർ, ബഹു. സിസ്റ്റേഴ്സ്, കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളും, മറ്റ് സംഘടനാ ഭാരവാഹികളും, പാരീഷ് കൗൺസിൽ അംഗങ്ങളും, മതാദ്ധ്യാപകരും, പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഫൊറോന ഡയറക്ടർ റവ. ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കലിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## AKCC 26/16 പാറത്തോട് ഫൊറോന കൺവെൻഷൻ

2016 ഒക്ടോബർ 1-ാം തീയതി പാറത്തോട് ഫൊറോന കൺവെൻഷൻ പാറത്തോട് സെന്റ് ജോർജ് സ്കൂളിൽവച്ച് നടത്തുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

## AKCC 27/16 മതസൗഹാർദ്ദ പുനർഷണദിനം

ഇന്ത്യൻ സ്വാതന്ത്രദിനമായ ആഗസ്റ്റ് 15 മതസൗഹാർദ്ദ

പുനർപ്പണദിനമായി കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തി.

ഉപ്പുതോട് ഇടവകയിൽ സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടത്തിയ യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി സമ്മേളനം ഉദ്ഘാടനം നടത്തി. ശാഖാ പ്രസിഡന്റ് ശ്രീ. ജിജോ കറുകപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. വിമുക്തഭടന്മാരെ ആദരിച്ചു. മതസൗഹാർദ്ദ പുനർപ്പണ സന്ദേശം കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന ട്രഷറർ ജോസുകുട്ടി ജോർജ്ജ് മാടപ്പള്ളിൽ നടത്തി.

## കേരള ലേബർ മൂവ്മെന്റ്

**KLM 48/16 റിസോഴ്സ് ടീം അംഗങ്ങൾ**

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതയിൽ പ്രവർത്തനം സജീവമാക്കുവാൻ KLM ഇടുക്കി രൂപതാ റിസോഴ്സ് ടീം അംഗങ്ങളായി വർഗീസ് വെട്ടിയാങ്കൽ (നാരകക്കാനം), മേരി സെബാസ്റ്റ്യൻ കുഴിവേലിൽ (അടിമാലി), റോസക്കുട്ടി എബ്രാഹം (വാഴത്തോപ്പ്) എന്നിവരെ തിരഞ്ഞെടുത്തു.

**KLM 49/16 തൊഴിലാളി ഫോറങ്ങൾ**

അസംഘടിതരായ തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും അവകാശ സംരക്ഷണത്തിനുമായി കേരളാ ലേബർ മൂവ്മെന്റ് നേതൃത്വം നൽകുന്ന തൊഴിലാളി ഫോറങ്ങൾ ഇവയാണ്.

1. കെട്ടിട നിർമ്മാണ തൊഴിലാളി ഫോറം (SNTU)
2. തയ്യൽ തൊഴിലാളി ഫോറം (KTWF)
3. ചെറുകിട തോട്ടം തൊഴിലാളി ഫോറം (KCTTF)
4. ഗാർഹിക തൊഴിലാളി ഫോറം (KDWF)



5. കർഷക തൊഴിലാളി ഫോറം (KAWF)
6. വാഹന തൊഴിലാളി ഫോറം (KMTWF)
7. പീടിക തൊഴിലാളി ഫോറം (KSEF)
8. മത്സ്യ തൊഴിലാളി ഫോറം (KMTF)

**KLM 50/16 നിവേദനം നല്കി**

ഇടുക്കി മെഡിക്കൽ കോളേജ് നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ജനങ്ങളുടെ ആശങ്ക അകറ്റണമെന്ന് KLM ഇടുക്കി രൂപതാ കമ്മറ്റി ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി, പ്രസിഡന്റ് ജോർജ് അമ്പഴം, സെക്രട്ടറി ബേബി സേവ്യർ കൊച്ചുപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ കേരളാ മുഖ്യമന്ത്രിക്ക് നിവേദനം നല്കി.

**KLM 51/16 വേളാങ്കണ്ണി തീർത്ഥാടനം**

ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 10 ന് ഉച്ചകഴിഞ്ഞ് 3 ന് തോപ്രാംകുടിയിൽനിന്നും മുരിക്കാശ്ശേരി, പാറത്തോട് വഴി വേളാങ്കണ്ണിയിലെത്തി 12 ന് വെളുപ്പിന് 6 ന് തിരികെയെത്തുന്നു. വണ്ടിക്കൂലി + ഭക്ഷണം 1000 രൂപ. ബുക്കിംഗിന് : 9495125585

**KLM 52/16 കര-കടൽ-ആകാശയാത്ര**

ഇടുക്കി രൂപതാ കമ്മറ്റി സംഘടിപ്പിച്ചിരിക്കുന്ന അഞ്ചാമത് കര-കടൽ-ആകാശയാത്ര 2016 ഡിസംബർ 19, 20 തിയതികളിൽ നടക്കും. 19 ന് ഉച്ചകഴിഞ്ഞ് 3 ന് തോപ്രാംകുടി, മുരിക്കാശ്ശേരി, പാറത്തോട് മേഖലകളിൽ നിന്നും ടൂറിസ്റ്റ് ബസിൽ ആലുവായിലും അവിടെനിന്നും ട്രെയിനിൽ തിരുവനന്തപുരത്തും വിമാനത്തിൽ തിരികെ കൊച്ചിയിലും തുടർന്ന് ബോട്ടിൽ രണ്ടര മണിക്കൂർ ഉൾക്കടൽയാത്ര നടത്തുന്നു. യാത്രയിലുടനീളം ആരാധനാലയങ്ങൾ പാർക്കുകൾ ബീച്ചുകൾ തുടങ്ങിയവ സന്ദർശിച്ച് എറണാകുളം ലുലുമാളിൽ ഷോപ്പിംഗ് നടത്തി തിരികെ എത്തുന്നു. എല്ലാ ചിലവുകൾക്കുമായി വെറും 4200 രൂപാ മാത്രം. ബുക്കിംഗിന് : 9495125585

**KLM 53/16 മെമ്പർഷിപ്പ് കാംമ്പയിൻ**

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി പുതിയ അംഗങ്ങളെ ചേർത്ത് മെമ്പർഷിപ്പുകൾ നൽകുന്നതിന് സെപ്റ്റംബർ 15 മുതൽ ഡിസംബർ 15 വരെ മെമ്പർഷിപ്പ് കാംമ്പയിൻ നടത്തും.



അഭിവന്ദ്യ പിതാവ് മാത്യു ആനിക്കുഴിക്കാട്ടിനോടൊപ്പം
KLM ഇടുക്കി രൂപതാ ഭാരവാഹികൾ

# ആത്മജ്യോതിയിലെ പരിപാടികൾ

**സെപ്റ്റംബർ 2016**

02 - 04 : വിവാഹ ഒരുക്ക സെമിനാർ
11 - 16 : വൈദികരുടെ വാർഷിക ധ്യാനം
18 - 23 : വൈദികരുടെ വാർഷിക ധ്യാനം
24 - 25 : തിയോളജി കോഴ്സ്
26 - 28 : വിവാഹ ഒരുക്ക സെമിനാർ



# അറിയിപ്പുകൾ

**ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ്**

സീറോമലബാർ സഭയിലെ ദൈവജനത്തിന് ദൈവശാസ്ത്ര വിഷയങ്ങളിൽ അടിസ്ഥാന പരിശീലനം നല്കുകയെന്ന ലക്ഷ്യത്തോടെ വടവാതൂർ പൗരസ്ത്യവിദ്യാപീഠം ഒരു ഡിപ്ലോമാ കറസ്പോണ്ടൻസ് കോഴ്സ് ആരംഭിക്കുന്നു. അത്മായർക്കും സമർപ്പിതജീവിതക്കാർക്കും ഇതിൽ പങ്കെടുക്കാം. രണ്ടു വർഷം (നാലു സെമസ്റ്ററുകൾ) നീണ്ടുനില്ക്കുന്ന ഈ കോഴ്സിൽ ചേരുന്നതിനുള്ള അടിസ്ഥാന യോഗ്യത പ്രീഡിഗ്രി/പ്ലസ്ടു. ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി: 2016 ഒക്ടോബർ 10. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൗരസ്ത്യ വിദ്യാപീഠത്തിൽവച്ച് അതാതു മാസത്തെ വിഷയം അവതരിപ്പിച്ചു കൊണ്ടുള്ള ക്ലാസ് ഉണ്ടായിരിക്കും. ആദ്യ ക്ലാസ്: 2016 ഒക്ടോബർ 15. ഓരോ വിഷയത്തിന്റെയും പുസ്തകം അതാതു ക്ലാസ്സുകളിൽ വിതരണം ചെയ്യുന്നതാണ്. ഈ പുസ്തകങ്ങൾക്കുൾപ്പെടെ ഓരോ സെമസ്റ്ററിലും ഫീസ് 1000 രൂപാ വീതം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പൗരസ്ത്യവിദ്യാപീഠം ദൈവശാസ്ത്രത്തിൽ ഡിപ്ലോമാ സർട്ടിഫിക്കറ്റ് നല്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ/സുപ്പീരിയർമാർ ഇടവകകളിലും സമൂഹങ്ങളിലും ഈ വിവരം അറിയിച്ച് താല്പര്യമുള്ളവരെ ഈ കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കുമല്ലോ. വിശദവിവരങ്ങൾക്കും രജിസ്ട്രേഷൻ ഫോമിനും വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ നേരിട്ടോ അല്ലെങ്കിൽ http:/santhom.org വഴിയോ ബന്ധപ്പെടുക.

കോഴ്സ് കോഓഡിനേറ്റർ : ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
പൗരസ്ത്യവിദ്യാപീഠം
വടവാതൂർ പി.ഒ. കോട്ടയം 686 010
ഫോൺ: 9447112104
Email: andrewsmek@gmail.com




02 രൂപതാകേന്ദ്രത്തിൽ നടന്ന പ്രെസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

06 അടിമാലി ആത്മജ്യോതിയിൽ നടന്ന എ.കെ.സി.സി. സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു സന്ദേശം നൽകി.

* ചുരുളി സെന്റ് തോമസ് പാരിഷ് ഹാളിൽ ദീപിക ഫ്രണ്ട്സ് ക്ലബ് രൂപതാ സംഗമം ഉദ്ഘാടനം ചെയ്തു.

07 വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിൽ സി.എം.എൽ. തീർത്ഥാടനത്തിന് സന്ദേശം നൽകി.

08 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ Theological Colloquim-ത്തിൽ പങ്കെടുത്തു.

08-12 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ പിതാക്കന്മാരുടെ ധ്യാനത്തിൽ സംബന്ധിച്ചു.

13 മുരിക്കാശ്ശേരി പള്ളിയിൽ കരിവേലിക്കൽ അന്നമ്മയുടെ മരണവാർഷികത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

18 മുരിക്കാശ്ശേരിയിൽ ജോർദ്ദാനിയ സമൂഹമാമ്മോദീസ നടത്തി.

20 പിഴകിൽ വിവാഹം ആശീർവദിച്ചു.

22-Sept.02 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡിൽ പങ്കെടുത്തു.

25-28 ഇരിങ്ങാലക്കുടയിൽ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുത്തു.






| | | |
|---|---|---|
| 01-02 | | - Synod, Mount St. Thomas Kakkanad |
| 03 | 10.00 am | - സോഷ്യൽ സർവീസ് ബോർഡ് മീറ്റിംഗ്, കരിമ്പൻ |
| | 03.30 pm | - ദേവാലയ പുനപ്രതിഷ്ഠ, തങ്കമണി |
| 04 | 03.30 pm | - വി. കുർബാന, മാങ്കുളം |
| 05 | 03.00 pm | - ചെറുതോണി |
| 06 | 02.30 pm | - വി. കുർബാന, രാജകുമാരി |
| 10 | 06.30 am | - എഫ്.സി.സി. ഫോർമേഷൻ ഡേ, മുരിക്കാശ്ശേരി |
| 17 | 06.30 am | - വി. കുർബാന, SABS മുരിക്കാശ്ശേരി |
| 19 | 06.30 am | - വി. കുർബാന, FCC കരിമ്പൻ |
| 20 | 06.30 am | - വി. കുർബാന, CMC വിമലഗിരി |
| 21 | 06.30 am | - വി. കുർബാന, മൈനർ സെമിനാരി |
| 22 | 06.30 am | - വി. കുർബാന, SH രാജമുടി |
| 24 | 06.30 am | - വി. കുർബാന, CMC ഇടുക്കി |